LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടിയിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

123 (3755) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ആസ്ഥാനമായി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് വേണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) മലപ്പുറം എക്സൈസ് സർക്കിൾ ഓഫീസ് ഇപ്പോൾ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇത് മലപ്പുറത്തേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കൊണ്ടോട്ടിയിൽ പുതിയ സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. എക്സൈസ് സർക്കിൾ ഓഫീസ് മഞ്ചേരിയിലാണ് പ്രവർത്തിക്കുന്നത്.

(സി) പരിഗണനയിലില്ല.

(ഡി) പരിശോധിച്ചുവരുന്നു.

പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കുമരുന്നും കഞ്ചാവും വിൽപ്പന തടയാൻ നടപടി

124 (3756) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളുടെ സമീപവും മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വിൽപ്പന തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ നാർക്കോട്ടിക് വിഭാഗം നടത്തുന്ന തുടർനടപടികൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ ഫോൺ മുഖേനയും അല്ലാതെയും എത്ര പരാതികൾ കിട്ടിയിട്ടുണ്ട്, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ശ്രീകാര്യത്തു നിന്നും പരാതി ലഭിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതു സ്ഥലങ്ങളിലും സ്കൂൾ കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും കഞ്ചാവും മയക്കുമരുന്നും വിൽപ്പന നടത്തുന്നത് തടയുവാനും കണ്ടുപിടിക്കുവാനും ശക്തമായ രഹസ്യ നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും വില്പനയ്ക്കെതിരെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ച് റെയ്ഡുകൾ നടത്തി വരുന്നതോടൊപ്പം ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിന്റെ വിതരണവും വില്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഞ്ചാവും മയക്കുമരുന്നും വില്പന സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ ടി വിവരം രജിസ്റ്റർ ചെയ്ത് ഉടൻതന്നെ പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനുസൃതം കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ 57 പരാതികൾ ലഭിക്കുകയും വിശദമായ പരിശോധനകൾ നടത്തി 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ശ്രീകാര്യത്തു നിന്നും പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി മാറ്റിയ നടപടി

125 (3757) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓർഡിനൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തുറമുഖ വകുപ്പിലെ ജീവനക്കാർക്ക് നിലവിൽ സർക്കാർ ജീവനക്കാർ എന്ന നിലക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള മാരിടൈം ബോർഡ് രൂപീകരിച്ചാൽ ലഭ്യമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷനെ കേരള മാരിടൈം ബോർഡിൽ ലയിപ്പിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly